**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 841** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>തൃശ്ശൂർ ജില്ലയിൽ ഒഴിഞ്ഞു കിടക്കുന്ന ഭവന നിർമ്മാണ ബോർഡ് ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ ജില്ലയിൽ ഭവന നിർമ്മാണ ബോർഡിന് കീഴിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ നിലവിലുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** ഉണ്ടെങ്കിൽ ഇവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിൽ ചാലക്കുടി, പുതുക്കാട്, മുളങ്കുന്നത്തുകാവ് എന്നീ പ്രദേശങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ വിവിധ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു. നിലവിൽ മുളങ്കുന്നത്തുകാവിൽ Working Women's Quarters പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

മുളങ്കുന്നത്തുകാവിലുള്ള ഭൂമിയിൽ സീനിയർ സിറ്റിസൺസ് ഹോം നിർമ്മിക്കുന്നതിന്റെ നടപടികൾ പ്രാരംഭദിശയിൽ ആണ്. ചാലക്കുടിയിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം നിലവിൽ സ്വകാര്യ സ്ഥാപനത്തിന്റെ പാർക്കിംഗ് ആവശ്യത്തിനായി 11 മാസത്തേക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. പുതുക്കാട് ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തിൽ സാഫല്യം പദ്ധതി പ്രകാരം 48 ഫ്ളാറ്റുകൾക്ക് പ്ലാൻ ഫണ്ട് വഴി ശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡറിംഗ് നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**